



# Namhss peringathur

little KITEs 2018-19

# പത്രാധിപസമിതി

**ചീഫ് എഡിറ്റർ:**



എൻ.പത്മനാഭൻ മാസ്റ്റർ
(ഹെഡ്മാസ്റ്റർ ,NAMHSS)

**എഡിറ്റർസ് :**



**റഷീദ്.എ.പി**



**ഷീജ.സി**



**റഫീഖ് കാരക്കണ്ടി**



**ഷാജി.കെ**



**പി.കെ.നൗഷാദ്**



**അബ്ദുല്ല കണ്ടോത്ത്**

**സ്റ്റുഡന്റ് ചീഫ് എഡിറ്റർ : ശാന ഫാത്തിമ.കെ**

**സബ് എഡിറ്റർസ് : അസ്ന.സി**
**ഖദീജ.യു.ഗഫൂർ**
**താജ്ന ശെറിൻ റഫീഖ്**
**നദ ഫാത്തിമ.ടി**
**ഫാത്തിമത്ത് അഹ്ലിയ.സി.കെ**

# ഉള്ളടക്കം......

1.ആമുഖം....................4
2.സന്ദേശം....................5
3.എൻ.എ.എം.ഒരു നാടിന് സമഗ്രമാറ്റങ്ങൾ വരുത്തിയ മഹൽസ്ഥാപനം..............6
4.ചതുപ്പിൽ വിരിഞ്ഞ പൂക്കൾ.............................9
5.കാൽപാട്...........................12
6.കൗമാരം ലഹരിയുടെ പിടിയിൽ..................................13
7.Maa……………………….16
8.കാഴ്ച്ച...................................21
9.ശാസ്ത്രവും സാങ്കേതികവിദ്യയും സുസ്ഥിരഭാവിക്ക്............23
10.മഴ പറയുന്നു..........................25
11.പറയാതെ പോയവർ..............................26
12.തിരിച്ചറിവുകകളിലൂടെ..................................27
13.മാതൃഭാഷ മരിച്ചുകൊണ്ടിരിക്കുന്നു...................................28
14.മാറുന്ന ജീവിതം...................................30
15.ലോകകപ്പ് ഓർമകൾ.............................34
16.സ്നേഹമിഴിനീർ...............................36
17.എൻമകജെ................................37

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ICT അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ രൂപീകരിച്ച പദ്ധതിയാണല്ലോ ലിറ്റിൽ കൈറ്റ്സ് .ഇതിന്റെ ഭാഗമായി ഞങ്ങൾക്ക് ലഭിച്ച വിവിധ പരിശീലന പരിപാടികളുടെ ഒരു ഉൽപ്പന്നമാണ് ഈ ഡിജിറ്റൽ മാഗസിൻ .എൻ എ എം എച്ച് എച്ച് എസ് ലിറ്റിൽ കൈറ്റ് യൂണിറ്റ് പുറത്തിറക്കുന്ന ' **ദിമാനം** ' എന്ന ഈ ഡിജിറ്റൽ മാഗസിൻ

അനുവാചകർക്ക് മുമ്പിൽ സമർപ്പിക്കുകയാണ്.വായനയുടെ പുതിയ വാതായനങ്ങൾ തുറക്കാൻ ഈ ഡിജിറ്റൽ മാഗസിൻ സഹായകമായിത്തീരട്ടെ.ഞങ്ങളുടെ ഈ ഉദ്യാമത്തെ നിങ്ങൾ സ്വീകരിച്ചാലും........

ചീഫ് സ്റ്റുഡന്റ് എഡിറ്റർ
ശാന ഫാത്തിമ കെ.



എൻ.പത്മനാഭൻ മാസ്റ്റർ
(ഹെഡ്മാസ്റ്റർ ,NAMHSS)

# സന്ദേശം

വായനയുടെ ഇ-കാലം യാഥാർത്ഥ്യമായിത്തീരുകയാണല്ലോ. പുരോഗമനപരമായ പ്രവണതകളെ ഉൾക്കൊണ്ട് മുന്നോട്ട് പോകുമ്പോഴാണ് ജ്ഞാനമാർഗങ്ങൾ അർത്ഥപൂർണമാവുന്നത്. സ്ഥൂലവിവരണത്തിന്റെയും ബൃഹത് ആഖ്യാനത്തിന്റെയും കാലം കഴിഞ്ഞു.വ്യക്തമായും സൂക്ഷ്മമായും ശുദ്ധമായും പറയുക എന്നതാണ് പുതിയ കാലം ആവശ്യപ്പെടുന്നത്. ഇ-വായന പ്രസക്തമാവുന്നത് ഈയൊരർത്ഥത്തിലാണ്.

ഡിജിറ്റൽ മാഗസിൻ ഒരു വിനിമയ ഉപാധി എന്നതിലപ്പുറം ഒരു പഠനശാഖയും സംസ്കാരവുമായി മാറിക്കൊണ്ടിരിക്കുകയാണ്.നമ്മുടെ കുട്ടികൾ അത്തരം സാധ്യതകളെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്താൻ മുന്നോട്ട് വരുന്നത് ആഹ്ലാദകരമാണ്.നമ്മുടെ അറിവ് അനുഭവങ്ങൾക്ക് ഇത് പുതിയ ഒരു ഊർജവും അനുഭൂതിയും നൽകുമെന്ന കാര്യത്തിൽ സംശയമില്ല.

ആശംസകളോടെ,

എൻ.പത്മനാഭൻ

(ഹെഡ്മാസ്റ്റർ)



എൻ എ അബൂബക്കർ

മാനേജർ

# എൻ.എ.എം ഹയർ സെക്കന്ററി സ്കൂൾ ഒരു നാടിന് സമഗ്ര മാറ്റങ്ങൾ വരുത്തിയ മഹൽസ്ഥാപനം

എൻ.എ.എം ഹയർസെക്കന്ററി സ്കൂൾ പെരിങ്ങത്തൂരിന്റെ സാംസ്കാരിക -വിദ്യാഭ്യാസ മേഖലക്ക് മാത്രമല്ല വ്യാപാര വാണിജ്യ മണ്ഡലങ്ങളിലും ആശാവഹമായ ഉണർവ്വും അഭിലഷണീയങ്ങളായ മാറ്റങ്ങളും ഹ്രസ്യമായ കാലയളവിൽ സൃഷ്ടിച്ചു.

1995 ജൂൺ 12 ന് ഈ വിദ്യാലയം തുടങ്ങുന്നതോടെ തന്നെയാണ് ഈ മാറ്റങ്ങളുടെയെല്ലാം തുടക്കവും.

വിദ്യാഭ്യാസപരമായി പരമ ദരിദ്രമായ ഒരവസ്ഥയിലായിരുന്ന ഈപ്രദേശങ്ങളിലെ ജനതക്ക് അതേക്കുറിച്ച് ഗൗരവമായ ചിന്തകൾ പോലുമില്ലാത്ത ഒരു തലത്തിൽ നിന്നും പെട്ടന്നാണ് ആരോഗ്യകരമായ ഒരു വിദ്യാഭ്യാസ ചിന്ത ഉടലെടുക്കുന്നത് . വിദ്യാർത്ഥികളുടെ പഠന പുരോഗതിയെ കുറിച്ച് ചർച്ചചെയ്യാൻ രക്ഷിതാകളെ ഇടക്കിടെ സ്കൂളിലേക്ക് ക്ഷണിച്ചുവരുത്തി നടന്നു വന്ന പി.ടി.എ

സദസ്സുകൾലപലപ്പോഴും വിദ്യാഭ്യാസത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്താൻ നടന്ന വിലപ്പെട്ട ബോധനക്ലാസുകളായി മാറുകയായിരുന്നു. രക്ഷിതാക്കൾ കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുമപ്പുറം അറിവിന്റെ വാതായനങ്ങൾ തേടി ഉയരങ്ങൾ കണ്ടെത്താനുള്ള പ്രചോദനമായി അത്തരം സംരങ്ങൾ പ്രയോജനപ്പെട്ടുവെന്നത് പിന്നീട് നടന്ന ശീഘ്രഗതിയിലുള്ള വിപ്ലവകരമായ മാറ്റങ്ങൾ തെളിയിക്കുകയായിരുന്നു.

വിരലിലെണ്ണാവുന്ന പത്താം ക്ലാസുകാർ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ബിരുദവും ബിരുദാനന്തബിരുതവും ഇല്ലാത്തവർ ഇല്ലാത്ത വീടുകൾ ഇന്ന് ഈ പ്രദേശത്ത് കാണാൻ കഴിയില്ല.മെഡിസിൻ, എഞ്ചിനീയറിങ്ങ്,ഐ.ടി. മേഖലകളിൽ ഇവിടുത്തെ കുട്ടികൾ എത്തിപ്പെടുന്നത് ഒന്നുംരണ്ടൊന്നുമല്ല:ദശകണക്കിനാണ്. വിദ്യാഭ്യാസ യോഗ്യത നേടി ഉന്നതങ്ങളിൽ ഉദ്യോഗം വഹിക്കുന്നവരും നിരവധിയാണ് ശ്രദ്ധേയമായ ഈ നേടങ്ങൾ വിദ്യാഭ്യാസ മേഖലയിൽ പെട്ടുന്നനവെ സംഭവിച്ചപ്പോൾ എല്ലാവരുടെയും നാവുകളിൽ എൻ.എ.എം സ്കൂളിനെക്കുറിച്ച് പറയാനുണ്ടാവൂ.

പെരിങ്ങത്തൂർ ടൗണിന്റെ വ്യാപാരവാണിജ്യ രംഗത്തും ഒരു കുതിച്ചുചാട്ടം തന്നെ അതോടെ സംഭവിച്ചു. ഒരു ഉൾനാടൻ അങ്ങാടിയിൽ നിന്നും കെട്ടിടസമുച്ചയങ്ങളുടെ ഒരു നീണ്ട നിര തന്നെ കുറഞ്ഞ കാലയളവിൽ സൃഷ്ടിക്കപ്പെട്ടുകയായിരുന്നു.സാങ്കെതിക വിദ്യാരംഗത്ത് ഏറെ ശ്രദ്ധേയമായ സ്ഥാപനങ്ങളും ഈ കെട്ടിട സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പെരിങ്ങത്തൂരിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു .

അഞ്ചാം ക്ലാസിനപ്പുറം പഠനസൗകര്യങ്ങളിലാതത്ത് കൊണ്ട് പഠനം നിർത്തി വെറുതെ അലയുന്ന കൊണ്ടുണ്ടായ സാംസ്കാരിക

ജീർണ്ണത നാടിന്റെ തന്നെ മുഖം കെടുത്താൻ കാരണമായിതീരുകപോലും ചെയ്യ്തു. പണ്ടെങ്ങാനോ ഒരു ഹൈസ്കൂൾ സ്ഥാപിതമാകേണ്ടിയിരുന്ന ഇവിടെ ഇനിയും ആയത് വൈകിക്കൂടാ എന്ന ചിന്ത ശക്തിപ്പെട്ടതോടെയാണ് മുസ്ലിം എജ്യൂക്കേഷൻ ,കൾച്ചറൽ ഫോറം എന്ന സംഘടനരൂപീകൃതമാകുന്നത് ചെറുപ്പക്കാർക്ക് അംഗബലമുള്ള ഈ സംഘടന രൂപീകൃതമായ ദിവസം തന്നെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ടൗണിൽ ഒരു ചെറിയ സ്ഥലത്ത് അഡ്വാൻസ് നൽകി സ്ഥലം വാങ്ങി. വിശ്രമമില്ലാത്ത നിരന്തരമായ കൂട്ടായ ശ്രമം ഒന്നര വർഷമാകുമ്പോഴേക്കും ആവിശ്യമായ സ്ഥലം കൈവശമാക്കാൻ കഴിഞ്ഞു. തുടർന്ന് കെട്ടിടം പണിയും ആരംഭിച്ചു. ഇടവേളയില്ലാത്ത പരിശ്രമങ്ങളുടെയും മുറവിളികളുടെയും ഫലം 1995 ലഭ്യമാകുകയായിരുന്നു.

നൂറിൽപരം കുട്ടികളുമായി അന്നുതുടങ്ങിയ ഈ വിദ്യാലയം ഹയർസെക്കണ്ടറിയായി ഉയരുന്നതിന് അധികം കാത്തിരിക്കേണ്ടി വന്നില്ല. ഇന്ന് മൂവ്വായിരിത്തിലധികം കുട്ടിക്കളും നൂരിൽ പരം അദ്ധ്യാപകരുമായി ജൈത്രയാത്ര തുടരുന്ന ഈ വിദ്യാലയം കേരളം ശ്രദ്ധിക്കപ്പെട്ട ഒട്ടേറെ നേട്ടങ്ങൾ ഇതിനകം കൈവരിച്ചിട്ടുണ്ട്. അദ്ധ്യാപകർ,പി.ടി.എ, മേനേജ്മന്റ്,എന്നിവരുടെ കൂട്ടായ ശ്രമങ്ങൾ കൊണ്ടുണ്ടായ നേട്ടങ്ങൾ ഇനിയും തുടരുമെന്ന് പ്രത്യാശിക്കാം.

# ചതുപ്പിൽ വിരിഞ്ഞ പൂക്കൾ




**നബ്ല ജാഫർ X–N**

"ഹായ് ഹായ് ഹായ് ദിസ് ഈസ് ആർ.ജെ ടീന ഫ്രം റേഡിയോ മാംഗോ.. ഇന്ന് ഞാൻ എത്തിയിരിക്കുന്നത് ചൂടുള്ള ഒരു വാർത്തയുമായാണ്.ബാംഗ്ലൂർ നഗരത്തിൽ പട്ടാപകൽ എൻജിനിയറിങ്ങ് വിദ്യാർഥിനിയെ ക്രൂരമായി......"അവൾ ഇയർ ഫോൺ ഊരികളഞ്ഞു.ഫോൺ ഓഫ് ചെയ്ത് ബാഗിൽ വെച്ചു.ജനാലയിലൂടെ പുറത്തേക്ക് നോക്കി.ബസ് ട്രാഫിക്ക് ജാമിൽ കുരുങ്ങിക്കിടക്കുകയാണ്.ഇപ്പോഴൊന്നും മുന്നോട്ട് എടുക്കാൻ ആകുമെന്ന് തോന്നുന്നില്ല.അവൾ വാച്ചിൽ നോക്കി.സമയം എട്ടുമണി ആകാറായി.പുറത്ത് ഇരുട്ടിനൊപ്പം മഴക്കോളും ഉണ്ട്.വീട്ടിൽ എത്താൻ ഇനിയും അരമണിക്കൂറോളം എടുക്കും.ഈശ്വരാ വീട്ടിൽ എത്തുന്നത് വരെ മഴ പെയ്യാതിരുന്നാൽ മതിയായിരുന്നു.രാവിലെ പോരുമ്പോൾ കുട എടുക്കാൻ മറന്നു.രാവിലെ പോരുമ്പോൾ കുട എടുക്കാൻ മറന്നു.ബസ് മെല്ലെ മുന്നോട്ട് എടുക്കാൻ തുടങ്ങിയിരുന്നു.

ഒരാഴ്ച്ച മുമ്പേ പത്രത്തിൽ ജോലി ഒഴിവിലേക്ക് ഇന്റർവ്യൂവിനായി ക്ഷണിക്കുന്നു എന്ന ന്യൂസ് കണ്ടപ്പോൾ വെറുതെ അപ്പ്ളൈ ചെയ്തതാണ്.പിന്നെ ഇന്ന് വരാൻ വേണ്ടി മെയിൽ കിട്ടിയതായിരുന്നു.താൻ കൂടെ വരാം എന്ന് അച്ഛൻ പറഞ്ഞപ്പോൾ,വേണ്ട ഞാൻ തനിയെ പോകാനൊക്കെയായി എന്ന് പറഞ്ഞ് ഗമയിൽ ഇറങ്ങിയതായിരുന്നു.ഇന്റർവ്യൂ കഴിയാൻ ഇത്ര വൈകുമെന്ന് ആരറിഞ്ഞു.എന്തായാലും എങ്ങനെയെങ്കിലും ഈ ജോലി കിട്ടിയാൽ മതിയായിരുന്നു.എന്നിട്ട് വേണം വീട്ടുകാരുടെ മുമ്പിൽ തലയുയർത്തി നിൽക്കാൻ.

ബസിലെ തിരക്ക് ഒഴിഞ്ഞ് കൊണ്ടേ ഇരുന്നു.അവൾ തന്റെ സ്റ്റോപ്പിൽ ഇറങ്ങി.റോഡിൽ നിന്നും വീട്ടിലേക്ക് ഉള്ള ഇടവഴിയിലൂടെ കുറച്ച് ദൂരം നടക്കണം.ഫോണിലെ ചാർജ് തീർന്ന് അത് ചാകാറായിരിക്കുന്നു.അവൾ സർവദൈവങ്ങളെയും മനസ്സിൽ ധ്യാനിച്ച് നടക്കാൻ തുടങ്ങി.പെട്ടെന്ന് ഫോൺ റിങ് ചെയ്തു.അമ്മയാണ് "ഹലോ മോളെ നീ എവിടെ എത്തി....”"അമ്മാ ഞാൻ ബസ്സിറങ്ങി വീട്ടിലേക്ക് വന്നോണ്ടിരിക്കുവാ.ഇപ്പൊ എത്തും”"സൂക്ഷിക്കണേ മോളെ രാത്രിയാണ്”."ആ ശരി അമ്മാ".ഫോൺ കട്ട് ചെയ്ത് നടത്തത്തിന് വേഗംകൂട്ടി.രണ്ട് കഴുകൻ കണ്ണുകൾ തന്നെ പിന്തുടരുന്നത് അവൾ അറിഞ്ഞിരുന്നില്ല.

****


Mayookha. B
X-K

# കാൽപ്പാട്



ഫായിസ.കെ

ആ പാതയെ അവൾ പിൻതുടരുകയായിരുന്നു
ജീവിതാനുഭവങ്ങളെ പിൻതള്ളികൊണ്ട്
അവൾ കുതിച്ചോട്ടുകയായിരുന്നു.
പരിഹാസങ്ങളും അമർഷങ്ങളും
അവളിൽ മിതമായിരുന്നു.....
വിധിയിൽ ഓരോ നിമിഷവും അവളുടെ
ചിന്തകൾ മുദ്രവെച്ചിരുന്നു......
ചിന്തകൾ ചോരവാർന്ന് പിടയുമ്പോൾ
ഇരുട്ടിന്റെ കാഠിന്യം കാരണം
അവളുടെ മനസ്സ് ശൂന്യമായിരുന്നു....
ജീവിതത്തിന്റെ സംഗീതം അവൾക്കറിയാമായിരുന്നു......
പ്രകാശത്തിന്റെ യോരോ തേങ്ങിക്കരച്ചിലുകളും
അവളിൽ ധന്യമായിരുന്നു
പച്ചപ്പിന്റെ  മാധുര്യത്തെയ
വൾ സ്നേഹിച്ചിരുന്നു......
ദിനങ്ങളുടെ നിലവിളികൾ
അവളെ തേടിയിരുന്നു.......
അവൾ പിൻതുടരുകയായിരുന്നു
പൂർവികരുടെ കാൽപ്പാടിലേക്ക്.....
പുതിയൊരു നിമിഷത്തിൽ
പുത്തൻ പാതയിൽ
ജീവിതത്തിൽനിന്നുമവൾ
വ്യതിചലിക്കുകയായിരുന്നു

# കൗമാരം ലഹരിയുടെ പിടിയിൽ



ജാഫർ കെ.ടി

വിദ്യാഭ്യാസ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ കേരളം മറ്റ സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് നാം അഭിമാനിക്കാറുണ്ട്. ഗ്രാമങ്ങളിൽ പോലും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് മികച്ച ജീവിതം നയിക്കുന്നവരാണ് നാം.എന്നാൽ ആധുനിക കേരളീയർ സമൂഹത്തിൽ വർദ്ധിച്ച് വരുന്ന ലഹരിവസ്തുക്കളുടെ
ഉപയോഗം നമ്മുടെ സമ്പന്നമായ സംസ്കാരത്തിന്റെ അടിവേര് അറുക്കുകയാണ്.മദ്യനിരോധനത്തെ കുറിച്ചുള്ള ചർച്ചകൾ സമൂഹത്തിൽ ഒരു വശത്ത് സജീവമായി നടക്കുമ്പോൾ തന്നെ നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമുള്ള ബാല്യ-കൗമാരങ്ങൾ ലഹരിയുടെ പിടിയിലമരുകയാണ്.കേരളത്തിലെ കൗമാരപ്രായക്കാരായ കുട്ടികളിൽ പുകയില,മദ്യം,മയക്കുമരുന്ന് തുടങ്ങി എല്ലാ വിഭാഗം ലഹരിവസ്തുക്കളുടെയും ഉപയോഗം ക്രമാതീതമായി വർദ്ധിച്ച് വരികയാണെന്ന് സമീപകാലത്തെ പഠനങ്ങളെല്ലാം വെളിപ്പെടുത്തുന്നു.കേരളത്തിലെ കലാലയങ്ങൾക്കകത്തും പുറത്തും ഇത്തരം ലഹരി വസ്തുക്കൾക്കടിമപ്പെട്ട വിദ്യാർഥികൾ ഉണ്ടാക്കുന്ന അതിക്രമങ്ങളെകുറിച്ചുള്ള വാർത്തകൾ ദിനേന എന്നോണം നമ്മുടെ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്.വർദ്ധിച്ച് വരുന്ന റോഡപകടങ്ങളിലൂടെ നമ്മുടെ യുവാക്കൾ നടുറോഡിൽ പിടഞ്ഞുമരിക്കുന്നത് നിത്യകാഴ്ച്ചകളായി മാറുന്നു.നാട്ടിൽ വർദ്ധിച്ച് വരുന്ന സ്ത്രീപീഢനം, ആത്മഹത്യകൾ, കൊലപാതകം, കുടുംബകലഹങ്ങൾ തുടങ്ങി എല്ലാ തിന്മകളുടെയും കാരണങ്ങളിലേറെയും ലഹരിവസ്തുക്കളുടെ ഉപയോഗമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.ഉന്നതഗ്രേഡുകൾ കരസ്ഥമാക്കി മികച്ച കലാലയങ്ങളിൽ തുടർപഠനത്തിന് പോയ പല വിദ്യാർത്ഥികളും

ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ട് പഠനം പാതി വഴിയിൽ ഉപേക്ഷിച്ച് കുടുംബത്തിനും സമൂഹത്തിനും ബാധ്യതയായി മാറുന്ന സംഭവങ്ങൾ നിരവധിയാണ്.

**ലഹരി വിധേയത്വം**

## (DRUG ADDICTION)

തെറ്റായ കൂട്ടുകെട്ടുകളിൽ എത്തിപ്പെട്ട് വല്ലപ്പോഴും ഒരിക്കൽ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളിൽ പലരും ക്രമേണ അതിന്റെ അടിമകളായി മാറുകയാണ്.പണ്ടുകാലങ്ങളിൽ ബീഡിയും സിഗരറ്റും ആയിരുന്നു കുട്ടികളുടെ ഇഷ്ടവസ്തുക്കൾ എങ്കിൽ ഹൈടെക്ക് രീതിയിൽ ഉള്ള ലഹരിവസ്തുക്കളാണ്.പലപ്പോഴും പാൻമസാലകൾ ഉപയോഗിച്ചുതുടങ്ങുന്ന ഇത്തരക്കാർ പുകവലിയിലേക്കും

തുടർന്ന് മദ്യം മയക്കമരുന്ന് എന്നിവയിലേക്കും ചെന്നെത്തുന്നു.ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടയാൾ പലപ്പോഴും മറ്റൊരാളെ കൂടി അതിൽ പെടുത്തുന്നു എന്നത് ഒരു പ്രത്യേകതയാണ്.

**<u>കൗമാരം വഴിത്തിരിവിന്റെ കാലം</u>**

ഒരു വ്യക്തിയുടെ ജീവിതത്തിലെ നിർണായക വഴിത്തിരിവിന്റെ കാലഘട്ടമാണ് കൗമാരം.വ്യക്തിത്വവികസനത്തിന്റെ കളമൊരുങ്ങുന്നത്

ഈ കാലഘട്ടത്തിൽ ആണ്.ജീവിതത്തെ കുറിച്ച് ഏറെ സ്വപ്നങ്ങൾ നെയ്ത് കൂട്ടുന്ന ഈ പ്രായത്തിൽ കാലിടറാതിരിക്കണമെങ്കിൽ കൗമാരത്തിന്റെ വിശേഷതകൾ തിരിച്ചറിഞ്ഞ് മുന്നോട്ട് പോവേണ്ടതുണ്ട്.കൗമാരക്കാരായ ലഹരി ഉപഭോക്താക്കളുടെ ശാരീരികവും മാനസികവുമായ അവസ്ഥ തിരിച്ചറിഞ്ഞ് അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ട് വരുന്നതിൽ രക്ഷിതാക്കൾ അധ്യാപകർ സന്നദ്ധപ്രവർത്തകർ എന്നിവർക്ക് ഏറെ പങ്ക് വഹിക്കാൻ

കഴിയും.

**<u>സമൂഹത്തിന്റെ ഉത്തരവാദിത്വം</u>**

കൗമാരത്തെ അംഗീകരിക്കുവാനും അവർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുവാനും സമൂഹം സമയം കണ്ടെത്തേണ്ടതും ഉണ്ട്.മെച്ചപ്പെട്ട ജീവിതം നയിക്കുന്നതിലൂടെ കൗമാര കാലഘട്ടത്തെ അർത്ഥപൂർണമായി പ്രയോജനപ്പെടുത്താൻ കുട്ടികളെ സഹായിക്കുകയും അവരെ സ്വയം തിരിച്ചറിവുള്ളവരാക്കി മാറ്റുകയും ചെയ്യേണ്ടതുണ്ട്.എല്ലാ വിഭാഗം ജനങ്ങളുടെയും യോജിച്ചുള്ള മുന്നേറ്റത്തിലൂടെ പുതുതലമുറയെ ലഹരിയുടെ പിടിയിൽ നിന്നും മോചിപ്പിക്കാൻ കഴിയും.

*****


FOREIGN LIQUOR
BAR
TODAY HOLIDAY
HINDU
HOLIDAY
-RINSHA
8M



# Maa

“Dears; a girl in Indian society is safe.

Fidha Fathima K P

A women in India society is much safer than all other countries. Our government ensure every safety requirements for the safety of women. In Indian society about 18th country woman is considered as Goddess”. 'Bell rang. Your time up, Next you Nadhiya'.

'Good evening' Nadhiya stood up she looked to the next one guy who is sitting next to her. He had stopped his word till now.'My dear friends. Here Mr Sree Ram had already said that women in Indian society has considered as Goddess or else whatever? But the truth is our society has it self had cruelly witnessed that thousands of rape cases harassment towards women more ever cases. Soumya, Nirbhaya else millions others.

In India every minute a women harassed.

Bell rang Nadhiya stopped her words. Inter college debate competition was held at Maharajas college. This year Nadhiya as addressing Maharajas judges had a herculean task to announce the winner. But hopefully performed too well this time better than Ram.' 2018 Inter-college debate competition winner ' Nadhiya haseeb of Maharajas.'The

room sounded with claps. Nadhiya's face sparked with shining smile

"Nadhiya you had excellently performed. There was no doubt's you were the real winner." "Nadhiya what a performance"Wow!! Nadhiya just thanked everyone. "Thank you so much guys for your support".I was in a hurry I am going. Nadhiya backed to college'. Nadhi where are you going? Sana asked. Sana let me inform this news to Maa. She would be the most happiest person.

Nadhiya go back to her home. Her Maa was waiting for her. "Nadhi....what is the result...?" Her mother was much tensed. I won she answered and hugged and kissed in her forehead" I am sure that my dear will be the winner". Maa I am too hungry. "Haa.... I will take you the food"

Nadhiya is orphan. Shahba her mother is not her actual mother. Shahba was a sweeper in the co-opreation. Shahba got Nadhiya in the street. Nadhiya was only five years old. Shahba used to clean the street. Shahba live in her step-mother's home Shahba's mother died and her father married another women. She was very tough and too bad women.

One day Shahba was cleaning the street. She saw a little girl who was crying in the street. She was in hunger. Shahba took her and bought some food. Shahba questioned her. "who are you? where are you

from?”She was a begger in street. She begged and makes money for her father. She don't like her father because he was a cruel man

.

Suddenly her father reached there. He tried to take little Nadhiya from Shahba. But she was not ready to go with him. “ I will kill you,come with me don't make me angry!”He spoked loudly. “No she is not coming with you. You are a cruel man”. Shahba argued with him. “who the hell are you to tell this stupid?”

Shahba took Nadhiya and ran from there. Shahba took Nadhiya to her home. Seeing this little girl Shahba's step mom argued that she doesn’t allow both of them there. Shahba took all her belongings and moved from there.

Shahba worked in different houses,buildings and hotels. Shahba and Nadhiya lived in colony. Shahba educated Nadhiya. But Shahba was always afraid that one day Nadhi's father will come. There she had no other excuses. But years passed no one come. Nadhiya grew up. She was an extra ordinary brilliant student.

Shahba still work as house maid. Nadhiya take tuitions to students in the colony students .Nadhiya found some way for money to help Shahba .Nadhiya was not happy about Shahba .She always worked as maid for Nadhiya .

When everything was going properly one day, a car arrived in the colony to visit Shahba a lady,beautiful gorgeous lady covered enterly with gold .Shahba ;even though you don’t know but I know you .Shahba

was much confused .The lady out broke the truth “ Shahba,I am Salma Nadhiya's mother . I was not died .I was alived . Nadhiya 's father and mine was a love marriage against disobeying my parents it was a huge problem in my family .

First few months we lived so happy. But the real problem started when I delivered Nadhiya. He was very much lazy to go for workstation the real problems were started. When it comes almost .I leaved the house without taking my dear daughter. I worked hard in the streets. Then streets to city. I grew up to a new modern business woman. Now I had everything money ,houses,buildings everything. But I don’t have my daughter. I want her back.

Nadhiya was hearing everything from outside the house. She suddenly came off and said “No,I wouldn't come with you' and never dream of it”.And I don't need your money or nothing. Now you can go out from here”.Nadhiya shouted loudly.

“Nadhi...she is your mother. You belongs to her not to me”. Shahba argued. So you should go with her”. Nadhiya was shocked.”Maa..Yes you will be happy with your mother go my dear. Shahba cried off. Nadhi was kept in silence. She had no words.

Shahba backed Nadhi's all belongings. Nadhi wiped her tears. “Maa are you sure with your decision can you ever live without me”.My happiness is yours. Shahba wiped Nadhi's tears off. Go study well Shahba and Nadhi hugged. Nadhi say bye to all the members of colony. She seated in the car. Salma try to give some money to Shahba. “No,I don't

need”,she refused to buy it.


Car started off to go but suddenly car stopped and Nadhiya run back to Shahba and hugged off and cried. “I can't Maa.....”.Shahba and Nadhiya cried. Salma told to Shahba “take care of my daughter with you because sometimes blood is not enough for some relationship truly love only matters”.

Salma gone from there. Nadhiya and Shahba lived together in colony happily. As like the dream of Shahba  Nadhiya become the IAS officer started an orphanage for poor girls. Salma visits Nadhi. They lived lovely and  happily.

**“some relationship is better than blood ones”**

**FIDHA FATHIMA K.P**

**X–I**



ജയ്യിദ ജഷ്ന
X–N


# കാഴ്ച

വെള്ളം കുത്തിയൊഴുകാൻ തുടങ്ങിയപ്പോഴാണ്
കണ്ണു തുറന്നത്
മേലോട്ട് നോക്കിയപ്പോൾ,

വട്ടമിട്ട് പറക്കുന്ന ഹെലികോപ്റ്ററുകളും
കയറി തൂങ്ങിയാടുന്ന സൈനികരെയും
പിന്നെ,ഒരു പൂർണഗർഭിണിയെയും കണ്ടു ഞാൻ....
താഴോട്ട്  നോക്കാൻ കഴിഞ്ഞില്ല.
വെള്ളമാണ്,വെള്ളം......
ജീവന്റെ കൊതികൊണ്ട്,ഏതോ ഒരു മുതുകത്ത് ചവിട്ടി
പലർക്കുമിടയിൽ ഞാനും വഞ്ചിയിലേക്ക്.....
ശ്വാസം നേരെ വീണപ്പോൾ
ചുറ്റുപാടു മറന്നു,കണ്ണടച്ച്
സ്വസ്ഥമായുറങ്ങി.......
വീണ്ടും കണ്ണുതുറയ്ക്കാൻ
വെള്ളം താഴേണ്ടി വന്നു.....
അപ്പോഴേക്കും......
അന്ന് ചവിട്ടിയ മുതുകിന്റെ പകുതിയും
വെള്ളത്തിനടിയിലായിരുന്നു.....
പ്രളയത്തെ വള്ളം കൊണ്ട് അതിജീവിച്ചവർ,
വീണ്ടും വെള്ളത്തിനടിയിലേക്ക്......
നമ്മൾ വീണ്ടും കണ്ണടച്ച് നിന്നു.
ഇല്ലാതാവുന്നത് ആലപ്പാടല്ലേ !

നഹല

IX-B



# ശാസ്ത്രവും സാങ്കേതികവിദ്യയും സുസ്ഥിരഭാവിക്ക്

അറിവിന്റെ ശാസ്ത്രീയമായ ഉപയോഗത്തെയാണ് പൊതുവെ സാങ്കേതികവിദ്യ എന്ന് പറയുന്നത്.നൂതനവും സ്വയംപര്യാപ്തവും സുസ്ഥിരവുമാകണം നമ്മുടെ കണ്ടുപിടിത്തങ്ങളെന്നത് ശാസ്ത്രലോകം തിരിച്ചറിഞ്ഞ കാര്യമാണ്.ശാസ്ത്രം കേവലം അത്ഭുതങ്ങളുടെയും കെട്ടുകഥകളുടെയും സമാഹാരമോ,മിത്തുകളിലും പുരാവൃത്തങ്ങളിലും ഒളിഞ്ഞിരിക്കുന്ന സൂത്രങ്ങളോ അല്ല.മറിച്ച് മാനവരാശിയുടെ ദീർഘകാലങ്ങളായുള്ള ഗവേഷണങ്ങളുടെയും തീവ്രവും കഠിനവുമായ അന്വേഷണങ്ങളിലൂടെയും കണ്ടെത്തലുകളിലൂടെയും രൂപപ്പെട്ടതാണ്.

ശാസ്ത്ര-സാങ്കേതികവിദ്യയിലൂടെ ബഹിരാകാശഗവേഷണം, വാർത്താവിനിമയം തുടങ്ങി വിവിധമേഖലകളിലും നാം വളരെ അധികം മുന്നേറിയിട്ടുണ്ട്.ശൂന്യാകാശവും ബഹിരാകാശയാത്രകളും ഏറ്റവും അടുത്ത് നടക്കാനിരുന്ന ബഹിരാകാശടൂറിസവുമൊക്കെ ഒരു സുപ്രഭാതത്തിൽ നടന്ന കാര്യമല്ല.വാർത്താവിനിമയരംഗത്തും നമുക്ക് വളരെ അധികം പുരോഗതി നേടാനായിട്ടുണ്ട്.3G യിൽ നിന്നും 4G യിലേക്കും 4G യിൽനിന്ന് 5G വരെ എത്തിനിൽക്കുന്നു.ശാസ്ത്ര-സാങ്കേതികരംഗത്തിന്റെ ഏറ്റവും വലിയ സംഭാവനയാണ് ആധുനികവൈദ്യശാസ്ത്രം.ഏറ്റവും ഒടുവിൽ 2018 ൽ നോബൽ സമ്മാനം നൽകപ്പെട്ടത് കാൻസർ കോശങ്ങളെ തുരത്താനുള്ള **ഇമ്മ്യൂണിറ്റി തെറാപ്പി**യുടെ കണ്ടുപിടിത്തത്തിനാണ്.

ഒരു രാജ്യം ഒരു പുതിയ ഉൽപ്പന്നം കണ്ടെത്തുക എന്നതിൽ ഉപരി അതിന്റെ ശാസ്ത്ര -സാങ്കേതികത രാജ്യത്തെ ജനങ്ങളുടെ അനാരോഗ്യം ,തൊഴിലില്ലായ്മ നിരക്ഷരത തുടങ്ങിയ അടിസ്ഥാന വെല്ലുവിളികൾക്കുള്ള പരിഹാരം കൂടി ആവുമ്പോഴാണ് ശാസ്ത്രത്തിലൂടെ സുസ്ഥിരവികസനം സാധ്യമാകുന്നത്.

ഉദാഹരണമായി ;ഇന്ന് നാം നേരിടുന്ന ഒരു പ്രധാന വെല്ലുവിളി ആണ്,ഊർജരംഗത്തെ പ്രതിസന്ധികളും അത് വഴി ഉണ്ടാകുന്ന വൻ വിലക്കയറ്റവും.ഇതിനൊരു പരിഹാരം കാണുന്നതിന് വേണ്ട ഗവേഷണങ്ങൾ നടത്തേണ്ടത് നമ്മുടെ ഭരണകൂടത്തിന്റെ ചുമതലയാണ്.അത് പോലെ പ്രതിരോധമേഖലപോലുള്ള തന്ത്രപ്രധാനമായ മേഖലകളിൽ പാശ്ചാത്യ-

യൂറോപ്യൻ രാജ്യങ്ങളെ ആശ്രയിച്ച് അവരുടെ പകർപ്പ് എടുക്കുന്നതിലൂടെ ശാസ്ത്രജ്ഞരെയും സാധാരണക്കാരെയും ഒരുപോലെ മുരടിപ്പിക്കുന്നതിന് പകരം ഈ മേഖലയിലെ കണ്ടുപിടിത്തങ്ങളും ഗവേഷണങ്ങളും വിപുലീകരിച്ച് സ്വയം പര്യാപ്തത നേടലും അനിവാര്യമാണ്.

ലോകത്തെ 700 കോടി ജനങ്ങളുടെയും സുഖകരമായ ജീവിതവും പരിസ്ഥിതിയുടെ നിലനിൽപ്പും പഴയ കാഴ്ച്ചപ്പാടുകളിലൂടെയും കാലഹരണപ്പെട്ട ഗവേഷണരീതികളിലൂടെയും സാധ്യമല്ല.ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ നമുക്ക് മുന്നേറണമെങ്കിൽ ശാസ്ത്ര-സാങ്കേതികരംഗത്തെ വികസനം കൂടിയേ തീരൂ.

എന്നാൽ ഇരുപത്തിഒന്നാം നൂറ്റാണ്ടും ഒരു ദശകവും പിന്നിട്ടിട്ടും ഇന്ത്യൻ ശാസ്ത്ര-ഗവേഷണമേഖല പാതിയുറക്കത്തിലാണോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.ഇന്ത്യൻ ശാസ്ത്രഗവേഷണമേഖലയ്ക്ക് കലാമിന്റെയും സ്വാമിനാഥന്റെയും ഒക്കെ സുവർണകാലഘട്ടത്തിലുണ്ടായിരുന്ന ആ ചൈതന്യവും യുവത്വവുമൊക്കെ മങ്ങിപോയിരിക്കുന്നു എന്ന് പറയാതിരിക്കാൻ നിർവാഹമില്ല.

ഇന്ത്യയിൽ ശാസ്ത്രസാങ്കേതികരംഗത്തിന് വേണ്ടി കുറഞ്ഞ ബജറ്റ് വിഹിതം മാത്രമാണ് ഉള്ള്(ജി.ഡി.പിയുടെ 0.9%).അതുപോലെഈ രംഗത്തിന് വേണ്ട അടിസ്ഥാനസൗകര്യമുള്ള ലഭ്യതക്കുറവും വേണ്ടുവോളം ഉണ്ട്. നമ്മുടെ രാജ്യത്ത് കെ.ജി മുതൽ പി.ജി വരെ ഉള്ള ക്ലാസുകളിലൊന്നും തന്നെ വേഷണങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നില്ല.ഇത് കൊണ്ട് തന്നെ ഈ മേഖലയിലെ യുവാക്കളുടെ പ്രതിനിധ്യം വളരെ കുറവാണ്

കാലഹരണപ്പെട്ട പാഠ്യപദ്ധതികൾക്ക് പകരം ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു മികച്ച കരിക്കുലം രൂപീകരിക്കുന്നതിലൂടെ, പരിശീലനം സിദ്ധിച്ച ആധ്യാപകരിലൂടെയും നമ്മുടെ കുട്ടികളിൽ ഉറങ്ങിക്കൊണ്ടിരിക്കുന്ന ശാസ്ത്രപ്രതിഭയെ വിളിച്ചുണർത്താൻ നമുക്ക് കഴിയും.100%സ്വയംപര്യാപ്തമായി,സ്വദേശത്ത് വെച്ച് കൊണ്ട് ഇച്ഛാശക്തിയും,സ്ഥൈര്യവും കൈമുതലാക്കി പ്രയത്നിച്ച പ്രതിഭകളുടെ പ്രവർത്തനങ്ങൾ നമുക്ക് മാത്രക ആക്കാം

ഇങ്ങനെ നമുക്ക് രാജ്യത്തെ ശാസ്ത്രസാങ്കേതിക രംഗത്ത് ലോകത്ത് ഒന്നാമത് എത്തിക്കണമെന്നത് ഓരോ ഇന്ത്യക്കാരന്റെയും മനസ്സിലെ സ്വപ്നമാവുകയും അതിന് വേണ്ടി തീവ്രമായി പ്രവർത്തിക്കുകയും ചെയ്താൽ നമുക്ക് മുന്നിലെ വിലങ്ങുതടികൾ ഓരോന്നായി വഴിമാറും.ഇതിന് വേണ്ടി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.


ഫായിസ കെ

X-N

# മഴ പറയുന്നു.....

മഴ പെയ്യുകയായിരു ന്നു
അര വെളിച്ചത്തില-
വൾ നടന്നകലുമ്പോൾ
ഓരോ വളവു കഴിയുമ്പോഴും
അവളുടെ പതീക്ഷകൾക്ക്
അഗ്നിച്ചിറകുകൾ മുളച്ചിരുന്നു
മഴയുടെ തിമിർ പ്പുകൾ
അവളെ തടഞ്ഞില്ല
ഇടിനാദത്തെയവൾ ഭയന്നില്ല.....
അപ്പോഴും
മഴ പെയ്യുകയായിരുന്നു
പതിയെ ഇരുട്ടിനെയവൾ
സ്നേഹിച്ചു തുടങ്ങി
അന്ധകാരത്തിലൂടെ-
യവൾ സഞ്ചരിച്ചു
ഓരോ ജീവിതനിമിഷവു-
മവളിൽ തുമപോൽ പടർന്നു....
മോക്ഷം തേടിയവൾ തേന്മാ-
വിൻ താഴെ മൗനം പൂണ്ടപ്പോൾ
ചിന്തകൾ തിരമാലയെപോൽ
അവളിൽ ആഞ്ഞടിച്ചു
വേദനകൾ അവളിൽ
കുത്തിയവരുകയായിരുന്നു
ഇതിഹാസങ്ങളിലവൾ
കത്തിജ്ജ്വലിച്ചു
സ്വപ്നസാക്ഷാത്കാരം
അവളെ ഉയരങ്ങളിലെത്തി-
ച്ചെങ്കിലും ശിഷ്ടജീവിതത്തിൽ
അവളിൽ നോവുകൾ മാത്രം...
മഴ പെയ്യുകയായിരുന്നു.................



ആൻസി VIII-I





# പറയാതെ പോയവർ

ധൃതിയിൽ ഇറങ്ങുന്നതിനാൽ കണ്ണാടിയിൽ ഒന്ന് കണ്ണോടിക്കൽ മാത്രം! കഷണ്ടിത്തലയിലെ ശേഷിപ്പുള്ള മുടിയും കൊഴിഞ്ഞിരിക്കുന്നു.അൽപം ബാക്കിയുള്ളത് ഒന്ന് മറക്കാൻ എളിയ ശ്രമം നടത്തി!!മുടി കൊഴിച്ചിൽ സഹിക്കാം,പക്ഷെ സങ്കടം അതായിരുന്നില്ല,പല്ലുകളെല്ലാം ഏതാണ്ട് കൊഴിഞ്ഞിരിക്കുന്നു!ഇത് എങ്ങെനെ സംഭവിച്ചു!!ഒരു എത്തും പിടിയും കിട്ടിയില്ല.വേഗം കാറിൽ കയറി.മറ്റുള്ളവർ അറിഞ്ഞാലുള്ള നാണക്കേട് ഓർത്ത് ആരോടും ഒന്നും പറഞ്ഞില്ല. ഡ്രൈവ് ചെയ്ത് സ്കൂളിൽ എത്തി.അധ്യാപനവൃത്തിക്കിടയിൽ ഒഴിഞ്ഞ് കിട്ടുന്ന പിരീഡുകളിൽ ഞാൻ അമർന്നിരിക്കാറുണ്ട്.അമർന്നിന്നിരുന്നാൽ പല്ലുകൾ കൊഴിയുമോ............? സംഭവിച്ചേക്കാം!!മുമ്പും അങ്ങനെ സംഭവിച്ചിട്ടുണ്ട്.സഹധ്യാപകൻ മജീദ് മാസ്റ്റർക്ക് മാത്രമേ എത്ര പല്ലുകൾ ബാക്കിയുണ്ടെന്ന് അറിയുകയുള്ളൂ. മുഖം കഴുകുന്നതിനിടയിൽ എന്റെ ബാക്ക് പോക്കറ്റിൽ കൈയിട്ട് എടുത്ത അഞ്ച് രൂപയുടെ ചീർപ്പ് കണ്ട് അന്തം വിട്ട മാഷെ കണ്ട് ഞാനും അന്തം വിട്ടു!!!

**അസീസ് പാലയാട്ട്**



ഖദീജ ഇഷ സുലൈമാൻ
IX-I

# തിരിച്ചറിവുകളിലൂടെ....

മഴ ആർത്തുലച്ചു പെയ്യുകയാണ്.....ഇതിനൊരവസാനം എപ്പോഴാണ് എന്നറിയില്ല....? കഴുത്തറ്റം വെള്ളത്തിൽ മുങ്ങി നിൽക്കുമ്പോഴാണ് അയാൾ ആ യുവാവിനെ കാണുന്നത്.തന്നെ രക്ഷിക്കാനുള്ള പരാക്രമണത്തിനിടയിൽ ആ യുവാവ് തന്നെ ശ്രദ്ധിച്ചു കാണില്ല.

ആ യുവാവിനെ കണ്ട മാത്രയിൽ, തിരമാലകൾ പോലെ അയാളുടെ മനസ്സിൽ ഓർമ്മകൾ അലയടിച്ചു.

തന്റെ വീട് കെട്ടിപ്പടുക്കാനായി ആ യുവാവ് ലോൺ അപേക്ഷക്കായി തന്റെ ഓഫീസിന്റെ വാതിൽക്കൽ കേണ് നിന്നത്, ആളുകളെ സമ്പത്താൽ വിലയിരുത്തുന്ന ഒരു പറ്റം ഓഫീസുകാർ അയാളെ പരിഹസിച്ചുവിട്ടത്.....എല്ലാം.......

കയ്പ്പേറിയ ഓർമ്മകൾ വീണ്ടും വീണ്ടും തന്നെ അലട്ടുന്നത് അയാൾ അറിഞ്ഞു.

"സർ,താങ്കൾ എത്ര ദിവസമായി ഈ വീട്ടിൽ ഒറ്റപ്പെട്ടു കിടക്കുന്നു?"

അയാൾ ചിന്തകളിൽ നിന്നും മുക്തനായി.ഒരു പറ്റം റിപ്പോർട്ടർമാർ ,പോലീസുകാർ,നാട്ടുകാർ എന്നിങ്ങനെ നിരവധി പേർ ചുറ്റും നിൽക്കുന്നു. അയാൾ ഒന്നു പുറകോട്ടു നോക്കി.......പ്രൗഢഗംഭീരമായ വീട് നിന്നിടം ഇന്ന് വെറും നാമാവശേഷമായിരിക്കുന്നു.രണ്ട് ദിവസം മഴ കനത്തു പെയ്താൽ തീരാവുന്നതു മാത്രമായിരുന്നു താൻ ഇന്ന് വരെ അഹങ്കരിച്ചവയെല്ലാം എന്ന് അയാൾ മനസ്സിലാക്കി.

അയാൾ ആ ജനത്തിരക്കിൽ നിന്നും വിട്ടുമാറി.....ആ മിഴികൾ ആ യുവാവിനെ തിരഞ്ഞു കൊണ്ടിരുന്നു.....,എന്നാൽ അപ്പോഴേക്കും അയാൾ മറ്റൊരാൾക്ക് രക്ഷാദൂതനായ് പോയിക്കഴിഞ്ഞിരുന്നു.



# മാതൃഭാഷ മരിച്ച് കൊണ്ടിരിക്കുന്നു

മലയാളം നമ്മുടെ മാതൃഭാഷയാണ്.മൂന്നുകോടി മലയാളികളുടെ ഭാഷ-ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും മലയാളികൾ പരസ്പരം സംസാരിക്കുന്ന ഭാഷ.മലയാളി ഇല്ലാത്ത ഒറ്റ രാജ്യവും ഭൂമുഖത്ത് ഉണ്ടാകില്ല.അവിടെയെല്ലാം മറ്റു ഭാഷക്കാർ കേൾക്കുമ്പോൾ അത്ഭുതപ്പെടുന്ന ഭാഷ-ചെറിയ കേരളത്തിന്റെ വലിയ ഭാഷ.51 അക്ഷരങ്ങളുള്ള ഭാഷ.

നമ്മുടെ ഭാഷ നമ്മൾ തന്നെ നശിപ്പിക്കുകയാണ്.ഭാഷ മരിച്ച് കൊണ്ടിരിക്കുകയാണ്.ഭാഷാപിതാവ് പൊന്നുപോലെ കാത്തുസൂക്ഷിച്ച ഭാഷ മറ്റുഭാഷകളിൽ നിന്ന് പല പദങ്ങളും സാംശീകരിച്ച് സമ്പന്നമാക്കിയ ഭാഷ.

ചില സംസ്കൃതപദങ്ങൾ,ദക്ഷിണേന്ത്യയിലെ ഇതര ഭാഷകളിലെ പദങ്ങൾ ,അറബി,ഉറുദു പദങ്ങൾ,വ്യാപകമായി ഇംഗ്ലീഷ് പദങ്ങൾ എല്ലാം ഇന്ന് മലയാളീകരിച്ച് കഴിഞ്ഞു. യെസ്സ്, നോ, ഔട്ട്, സ്റ്റോപ്പ്, റൈറ്റ്, തുടങ്ങിയ പല.
പദങ്ങളും വിദ്യാലയ പ്രായമെത്താത്ത കുട്ടികൾ പോലും സംസാരിക്കുകയും ചെയ്യുന്നു.അറബിയിൽനിന്നും ഉറുദുവിൽനിന്നും കടന്നുകയറിയ പദങ്ങൾ നിരവധിയാണ്.തമിഴിൽനിന്ന് അനേകം

പദങ്ങൾ ഭാഷയിൽ കുടിയേറി താമസിച്ചിട്ടുണ്ട്.ചില സംസ്കൃതപദങ്ങളൊക്കെ ഇപ്പോൾ മലയാളമാണ്.

ഇങ്ങനെയൊക്കെ സമ്പന്നമാണ് നമ്മുടെ ഭാഷയെങ്കിലും മലയാളം തെറ്റില്ലാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.പഴയകേരളമല്ല ഇന്നത്തെ കേരളം.മുമ്പ് നിരക്ഷരകേരളമായിരുന്നെങ്കിൽ ഇന്ന് സാക്ഷരമാണ്.ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം കുട്ടികളുടെ ബഹുമുഖകഴിവുകൾ വികസിപ്പിക്കുന്നതും പൊതുവിജ്ഞാനം നല്ല അളവിൽ ചെറിയ പ്രായത്തിൽ തന്നെ പ്രാധാന്യം ചെയ്യുന്നതുമാണ്.അതേ അവസരത്തിൽ മാതൃഭാഷയിൽ തെറ്റില്ലാതെ എഴുതാനും വായിക്കാനും അവരെ കഴിവുള്ളവരാക്കുന്നില്ല.

ഭരണഭാഷ മലയാളമാക്കണമെന്ന് എത്ര തവണ തീരുമാനിച്ചാലും അത് ജലരേഖയായി തന്നെ കിടക്കുകയാണ്.ഇംഗ്ലീഷ് ഭാഷാപ്രതിപത്തി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്.അതിന്റെ ഫലം സർവത്ര കാണാം.ഇപ്പോൾ പേരുകൾ ഇംഗ്ലീഷിലാണ്.എല്ലാ മതത്തിലും മമ്മി-ഡാഡി സംസ്കാരം വലിയ അളവിൽ വളരുകയാണ്.നാം ഇംഗ്ലീഷ് ഭാഷാവിരോധികളാകണമെന്നല്ല പറഞ്ഞത്.മലയാളത്തെ വികലപ്പെടുത്താതെയും മലിനപ്പെടുത്താതെയും ഇരിക്കുക എന്നതാണ്.

മാതൃഭാഷയെ മാതാവിനെ പോലെ സ്നേഹിക്കാനും,മാതൃഭാഷ കുറ്റമറ്റതായി കൈകാര്യം ചെയ്യാനും വരുന്ന തലമുറയെ എങ്കിലും പ്രാപ്തരാക്കേണ്ടിയിരിക്കുന്നു.ഭരണാധികാരികളും ഭാഷാസ്നേഹികളും വിശിഷ്യ അധ്യാപകരും ഇക്കാര്യം ഗൗരവമായി എടുക്കേണ്ടതാണ്.

റഫീക്ക് കാരക്കണ്ടി
സ്റ്റാഫ് സെക്രട്ടറി



# മാറുന്ന ജീവിതം

കാറ്റിൽ പറക്കുന്ന മനുഷ്യന്റെ
പഴഞ്ചനാം ഭാവം,അതിനൊരു,
നാണമായ് മാറുന്നു
മണ്ണിൽ വളർന്ന നാം മണ്ണിനെ
മറക്കുന്നു,കണ്ടുപിടിത്തത്തിൻ
കൂടേയലയുന്നു
കൊത്തിയെടുത്തുണ്ണുന്നി ഭക്ഷ
ണത്തിൽനിന്നും,ചെത്തിതിന്നു
മീ  സംസ്കാരം വന്നുപോയി
സംസ്കാരം വെറുമൊരു നേരം
പോക്കാവുമ്പോൾ ,നാടിന്റെ ജീവന
ത് കൈവിട്ട് പോകുന്നു
അലങ്കാരമാവുന്നുണ്ടീ ജീവിതം
വസ്ത്രത്തിനടിയിലെ മഹത്വ
മതിന്നകന്നു
യുക്തിയതിന്നില്ല,ഭക്തിയതിന്നില്ല
വാനോളമുണ്ടിന്ന് തെറ്റിന്റെ
കഥകൾ
മണ്ണിൽ നിന്നകലുന്ന നാമിന്ന
റിയേണം,മണ്ണാണ് നാം ഇനി
മണ്ണിലേക്കെന്നും
ഒരുനാളിൽ നിലക്കുന്ന ജീവിത
ത്തിന്റെ അറ്റത്തേക്കടുക്കുന്നു
നാമതിവേഗം
അറിയേണ്ട സത്യങ്ങൾ അറിയാതെ
നടിക്കുന്നു ,അറിയാൻ കൊതിക്കുമ്പോൾ
കഴിയാതെ പോവുന്നു
അനർഥങ്ങൾ വിതറീടും ഇന്നിതീ

**ദിമാനം**

ലോകം, ജീവന്റെ താളത്തെ മറന്നുള്ള
കാലം
ഉപദേശമെനിയില്ല,ഉപകാരമെനിയില്ല
ഇനിയുണ്ട്, സത്യമാം നാശമത്,മുന്നിൽ
മാറുന്ന ജീവിതം തിരിക്കാതെ നിന്നാൽ,
മായുന്ന ചിരിയിൽ നാം അന്ധനായിതീരും

**ഫാത്തിമത്തുൽ ഷഹാന കെ വി**

**X-A**





# വിവിധ ക്ലബ്ബുകൾ











# കളിയാരവങ്ങൾ മായാതെ ലോകകപ്പ് ഓർമകൾ

പി.കെ. നൗഷാദ്

പ്രിയ എഴുത്തുകാരൻ ലിയോ ടോൾസ്റ്റോയ് ഉൾപ്പെടെ സാഹിത്യത്തിൻെറ എണ്ണംപറഞ്ഞ പ്രതിഭകളുടെ, പ്രിയപ്പെട്ട വോൾഗയുടെ മണ്ണിലേക്ക് ലോകകപ്പ് ഫുട്ബാളിൻെറ കളിയാരവമെത്തുമ്പോൾ മനസ്സിൽ മായാതെ നിൽക്കുന്നത് കഴിഞ്ഞ രണ്ട് ലോകകപ്പുകളിലെ കളിയോർമകളാണ്. 2010ൽ അപ്രതീക്ഷിതമായി ജൊഹാനസ്ബർഗിലെ സോക്കർ സിറ്റിയിലെത്തുമ്പോൾ ആലീസിൻെറ അത്ഭുതലോകത്തെത്തിയ പ്രതീതിയായിരുന്നു. നാട്ടിലെയും കോളജിലെയും ചില്ലറ കളിക്കൂട്ടുകൾക്ക് നേതൃത്വം നൽകിയതൊഴിച്ചാൽ മനസ്സിൽ നിറഞ്ഞ ആത്മവിശ്വാസം മാത്രമായിരുന്നു കൂട്ട്. ഈയിടെ നമ്മെ വിട്ടുപിരിഞ്ഞ കണ്ണൂരിൻെറ സ്വന്തം പി.പി. ലക്ഷ്മണേട്ടൻ യാത്രക്ക് മുമ്പ് നൽകിയ, അവിടെയായിരുന്നപ്പോൾ അദ്ദേഹം താമസിച്ചിരുന്ന സാൻടണിലെ

**2010, 2014 ലോകകപ്പുകളിലെ ഫിഫ വളൻറിയറായ ലേഖകൻ ഇക്കുറി റഷ്യയിലും ഫിഫ സംഘത്തിനൊപ്പമുണ്ട്**

ഹോട്ടൽ മുറിയുടെ നമ്പർ ഒഴികെ മറ്റൊരു ബന്ധവും എനിക്ക് ദക്ഷിണാഫ്രിക്കയിൽ ഉണ്ടായിരുന്നില്ല. പേടിപ്പെടുത്തുന്ന കഥകൾ കൊണ്ട് കൂട്ടുകാർ ആവേശം കെടുത്തിയപ്പോഴും യാത്രക്കായി ബാഗ് തയാറായി. ജൊഹാനസ്ബർഗിലെ ഒ.ആർ. ടാമ്പോ വിമാനത്താവളത്തിൽ ഇറങ്ങിയതുമുതൽ കേട്ടുതുടങ്ങിയ 'വുവുസേല' (ശബ്ദം നമ്മിൽ അരോചകം സൃഷ്ടിക്കുമെങ്കിലും ദക്ഷിണാഫ്രിക്കൻ ഫുട്ബാൾ ഓർമകൾ വുവുസേലയില്ലാതെ പൂർണമാവില്ല) അവസാനം തിരിച്ചുവരുമ്പോൾ ദുബൈ വിമാനത്താവളത്തിൽ മറന്നുവെച്ച പീപ്പിയായി മാറി. സ്റ്റേഡിയത്തിനകത്തെയും പുറത്തെയും വുവുസേലയുടെ ശബ്ദവീചികൾ ഇ



ത് നിമിത്തവും അതിലേറെ അത്ഭുതവുമായി മനസ്സിലുണ്ട്. അദ്ദേഹവും ഭാര്യയും നൽകിയ സ്നേഹവായ്പ് നിസ്സീമമാണ്. കഴിഞ്ഞ ലോകകപ്പിലെ ഫെയർ പ്ലേ പുരസ്കാരം നേടിയ ബ്രസീലിയൻ വളൻറിയർമാർക്കുവേണ്ടി സമ്മാനം ഏറ്റുവാങ്ങിയ അമേരിക്കക്കാരൻ ഹാൻസിന്റെ സരസമായ സംഭാഷണശൈലിയും ഓർമകളിൽ മായാത്തതാണ്.

ദക്ഷിണാഫ്രിക്കയിലെ സാധാരണക്കാർക്ക് നമ്മൾ എല്ലാവരും 'ഫിഫ'യാണ്. ദക്ഷിണാഫ്രിക്കയിലെ ഈ ചെറിയ പട്ടണത്തിലെ ഏത് മൂലയിൽനിന്ന് അവർ നമ്മെ കണ്ടാലും ഫിഫ എന്ന് ആർത്തുവിളിക്കും. വർണവിവേചനത്തിന്റെ കൊടിയ പീഡനങ്ങൾ അരങ്ങേറിയ മണ്ണിൽ കാൽപന്തുകളിയെ സ്നേഹിക്കുന്നവർ പറന്നിറങ്ങിയപ്പോൾ സ്നേഹവായ്പ് നൽകാൻ മത്സരിക്കുകയായിരുന്നു അവിടത്തെ സർവകലാശാലയിലെ അധ്യാപകരും വിദ്യാർഥികളും. അധ്യാപകനായിരുന്ന ലൂകാസ് മക്കീനയായിരുന്നു ഞങ്ങളുടെ കോഓഡിനേറ്റർ. ഇന്നും ഇ-മെയിലിലൂടെ ആ സൗഹൃദം തുടരുന്നു.

ദക്ഷിണാഫ്രിക്കയിൽ ലോക ഫുട്ബാളിലെ പുതി



നൗഷാദ് ബ്രസീലിലെ സ്റ്റേഡിയത്തിൽ

യ നക്ഷത്രങ്ങൾ പിറവിയെടുക്കുന്നതും പഴയവ വീണുടയുന്നതും കൺനിറയെ കാണാൻ സാധിച്ചതിന് പുറമെ ഫുട്ബാൾ ഇതിഹാസമായിരുന്ന ഡീഗോ മറഡോണയെ അടുത്തുനിന്ന് കാണാൻ കഴിഞ്ഞതും വലിയ ഭാഗ്യമായിരുന്നു. അർജൻറീന ടീമിന്റെ കോച്ചായിരുന്ന അദ്ദേഹത്തിന്റെ സ്റ്റേഡിയത്തിനകത്തേക്കുള്ള വരവ് തന്നെ ആവേശകരമായിരുന്നു. കറുത്ത സ്യൂട്ടണിഞ്ഞ് ഗ്രൗണ്ടിൽ ഫീൽഡിന് പുറത്ത് നിലയുറപ്പിച്ച് കാണികളെ അഭിവാദ്യം ചെയ്യുമ്പോൾ സ്റ്റേഡിയത്തിനകത്ത് ഒരു മനോഹര ഗോൾ പിറന്നതിന്റെ ഹുങ്കാരം കേൾക്കാം. ഇന്നും കാതിൽ മുഴങ്ങുന്ന ഗായിക ഷക്കീറയുടെ 'വക്കാവക്കാ'യും മറക്കാനാവില്ല. ലോകകപ്പിന് പ്രചാരം നേടിക്കൊടുക്കുന്നതിൽ ഈ ആമുഖഗാനം വഹിച്ച പങ്ക് നിസ്തുലമായിരുന്നു.

ലാറ്റിനമേരിക്കൻ ഫുട്ബാളിന്റെ വശ്യത തേടി ബ്രസീൽ ലോകകപ്പിനെത്തുമ്പോൾ കളിയും അതിലുപരി സാങ്കേതികവിദ്യയും ഒരുപാട് മാറിയിരുന്നു. ബ്രസീലിലെത്തുന്നതിനുമുമ്പ് തന്നെ ഫേസ്ബുക്ക് വഴി ചിരപരിചിതരായ ഒരുകൂട്ടം എന്നെത്തേടി സാവോപോളോയിലെത്തിയിരുന്നു. വിവിധ രാജ്യക്കാരായ വ്യത്യസ്ത മേഖലകളിലെ ഒരുപാട് സൗഹൃദ
ത്തിൽ മറക്കാനാവാത്ത ഏടുകളായി മാറുകയായിരുന്നു. തുടർന്നുള്ള ഒരുമാസക്കാലം ഇടക്കുവന്ന റമദാൻ വ്രതമടക്കം പങ്കുവെക്കലിന്റെയും കരുതലിന്റെയും ദിനങ്ങളായിരുന്നു. 'ഫുൾ എക്കോ' എന്ന ഭാഗ്യചിഹ്നം രേഖപ്പെടുത്തുന്ന പോലെ പ്രകൃതിയിലേക്കുള്ള മടക്കം നാമടക്കമുള്ള മലയാളികളെ ഓർമപ്പെടുത്തുന്നതായിരുന്നു. മഴയും കാടും പൂവും മഞ്ഞുമെല്ലാം വീണ്ടെടുപ്പിനുള്ള ചൂണ്ടുപലകയാക്കിമാറ്റിയ ഒരു വലിയ രാജ്യത്തെ ജനത ഫുട്ബാൾ ലോകകപ്പ് കൊണ്ടാടിയത്, എല്ലാ വൈജാത്യങ്ങൾക്കും എതിർപ്പുകൾക്കും ഇടയിൽ ഒറ്റക്കെട്ടായിനിന്നുകൊണ്ടായിരുന്നു എന്നാണ് എന്റെ അനുഭവസാക്ഷ്യം. കേട്ടറിഞ്ഞ ബ്രസീലിനേക്കാൾ കണ്ടറിഞ്ഞ ബ്രസീൽ മധുരമുള്ളതായിരുന്നു. മീഡിയ സെൻററിലും ഇടക്ക് യൂത്ത് പ്രോഗ്രാമിന്റെ ഭാഗഭാക്കായപ്പോഴുമുണ്ടാക്കിയ സൗഹൃദങ്ങൾ ഭാഷക്കപ്പുറം ഫുട്ബാളിനെ നെഞ്ചേറ്റിയവരുടെ ഹൃദയവിശാലതയാണ് കാണിച്ചുതന്നത്. ബസിലെയും മെട്രോയിലെയും ഒഴുകുന്നജീവിതങ്ങൾ അച്ചടക്കത്തിന്റെയും കൃത്യനിഷ്ഠയുടെയും മികച്ച മാതൃകകളായിരുന്നു.

നന്മയുള്ള കുറെ മുഖങ്ങൾ ഓർത്തെടുക്കുന്നതിൽനിന്ന് ഇന്നും മികച്ച സൗഹൃദം പിന്തുടരുന്ന പ്രിയപ്പെട്ട ബിനോജും കുടുംബവും കർട്ടിബയിലെ മലയാളി കൂട്ടായ്മയുടെ ഭാഗമായിരുന്നു. കേട്ടും കണ്ടുമൊക്കെ ചിലിയിലെയും ഇക്വഡോറിലെയും പെറുവിലെയും പരഗ്വേയിലെയുമടക്കം ഒട്ടനവധി ആളുകളുമായി സൗഹൃദം സ്ഥാപിക്കാനും അവരുടെ സംസ്കൃതിയെ അടുത്തറിയാനും സാധിച്ചത് നിർവൃതിയായി ഇന്നും മനസ്സിലുണ്ട്. കർട്ടിബയിൽനിന്ന് അയൽരാജ്യമായ അർജൻറീനയിലെ പ്രധാന വെള്ളച്ചാട്ടമായ ഇഗോസു കാണാൻ പോയത് ബസിലായിരുന്നു. അയൽരാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിന് ഒരുപക്ഷേ, ചിലയിടത്തെങ്കിലും അർജൻറീനൻ ആരാധകരെ ധാരാളമായി കണ്ടതിന് ഇത്തരത്തിലുള്ള രാജ്യാന്തര ബസ് സർവിസ് കാരണമായിട്ടുണ്ടാകണം.

ഫുട്ബാൾ എന്ന വലിയ വികാരത്തിന് മുന്നിൽ മറ്റെല്ലാ വൈജാത്യങ്ങളും നിഷ്പ്രഭമായി പോകുന്ന ഒട്ടനവധി മുഹൂർത്തങ്ങൾക്ക് സാക്ഷ്യംവഹിക്കാൻ കഴിഞ്ഞ ചാരിതാർഥ്യത്തോടെയായിരുന്നു ഈ രണ്ട് ഭൂഖണ്ഡങ്ങളിലെയും ഫുട്ബാൾ മാമാങ്കങ്ങളോട് വിടപറഞ്ഞത്. പുതിയ ചരിത്രം സൃഷ്ടിക്കപ്പെടുന്ന റഷ്യയുടെ വൈവിധ്യങ്ങളും വശ്യമനോഹാരിതയും അവിടേക്ക് ഓരോ ഫുട്ബാൾ പ്രേമിയെയും മാടിവിളിക്കുന്നു.

അവർക്കൊപ്പം നമുക്കുമെത്താം എന്ന സ്വപ്നവുമായാണ് ഓരോ ഇന്ത്യക്കാരനും യാത്ര ചെയ്യുന്നത്. ഈ യാത്രയിലും കണ്ണിയാവാൻ സാധിച്ചതിൽ അത്യധികം സന്തോഷത്തോടെ ലോകത്തിന്റെ കണ്ണിനും കാതിനുമൊപ്പം ചുവടുവെക്കാനുള്ള ആഗ്രഹത്തോടെ ഞാനും റഷ്യയിലുണ്ടാവും. •

### ഏറ്റവും കൂടുതൽ ഗോൾ



മിറോസ്ലാവ് ക്ലോസെ (ജർമനി):
16 ഗോളുകൾ. നാലു ലോകകപ്പുകളിലെ
24 മത്സരങ്ങളിൽ നിന്നാണ് ഈ നേട്ടം



Little KITE 2018-19

# സ്നേഹമിഴിനീർ



സമീർ ഒണിയിൽ

ഒരു ചെറുചിരി
ആർദ്രമായ ഒരു നോട്ടം
അലിവിന്റെ കണികസ്പർശമുള്ള വാക്ക്
സ്നേഹത്തിൽ ചാലിച്ച നറുമുത്തം
ആശ്വാസത്തിന്റെ ഊർജമാകുന്ന തലോടൽ
ഒന്നുമരുത്!
ഒന്നും പുറത്തെടുക്കരുത്
എല്ലാം
അഹംബോധത്തിന്റെ
കട്ടം കാതൽ കൊണ്ടുണ്ടാക്കിയ
സ്വർണം പൂശിയ പെട്ടിയിൽ
വിശ്രമിക്കട്ടെ....!
ഇല്ലടോ
ഘനശ്യാമരൂപിണിയായി
ഒരു നാൾ
അവൻ നിന്റെ വാതിലിൽ മുട്ടും
മറ്റുള്ളവർ കെട്ടിയ ആറു കെട്ടുകൾ....
ആ പൂമേനി
പട്ടടയിലേക്കെടുക്കുമ്പോൾ
അവ അഗ്നിനാളങ്ങളായ്
അന്തരീക്ഷത്തിൽ
അനന്തമായ് അലയും
രക്തവുമസ്ഥിയും
വേരിലൂടെ ഇലകളായി
തൂങ്ങികിടക്കും
ഹൃദയരേഖകളാൽ
സ്നേഹത്തെ താവിട്ടവരെ നോക്കി
ആ ഇലകൾ,ആ വേരുക്കൾ, ആ അഗ്നിശലഭങ്ങൾ
കൊഞ്ഞനംകുത്തിക്കൊണ്ടേയിരിക്കും
വേട്ടയാടിക്കൊണ്ടേയിരിക്കും.......!!

# എൻമകജെ


ഖദീജ യൂ ഗഫൂർ

പ്രശസ്ത കഥാകൃത്തും നോവലിസ്റ്റുമായ അംബികാസുതൻ മാങ്ങാടിന്റെ ഹൃദയ സ്പർശിയായ ഒരു നോവലാണ് എൻമകജെ.കാസർകോടിലെ എൻമകജെ എന്ന ഗ്രാമം എൻഡോസൾഫാൻ വിഷത്തിന് ഇരയാകുന്ന കഥ പറയുകയാണ് അംബികാസുതൻ മാങ്ങാട് ഈ നോവലിലൂടെ.

സംഭവബഹുലമായ കഥയിലൂടെ പരിചയ പെടുന്ന നീലകണ്ഠനും ദേവയാനിയും ആണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. മനുഷ്യരുടെ സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും അവർ വിട്ടുനിൽക്കുകയും മനുഷ്യരുമായുള്ള ബന്ധങ്ങൾ വിച്ഛേദിക്കുകയും എന്നിട്ട് മനുഷ്യൻമാർ പ്രവേശിക്കാത്ത എൻമകജെ ഗ്രാമത്തിലെ ജടധാരി മലയിലെ ആൾപാർപ്പില്ലാത്ത വീട്ടിൽ താമസമാക്കുകയും ചെയ്തു. അങ്ങനെ അവർക്കിടയിലേക്ക് അച്ഛനും അമ്മയും മരണപ്പെട്ട ഒരു പ്രത്യേക രൂപത്തിലുള്ള ഒരു കുട്ടി കടന്നുവരികയും അത് അവരുടെ ജീവിതത്തെ മാറ്റിമറിക്കുന്നു. ഈ ഗ്രാമത്തിലെ മനുഷ്യർ നിഷ്കളങ്കരാണന്ന് മനസ്സിലാക്കുകയും അവർ അവിടുത്തെ ആളുകൾക്ക് വേണ്ടിയും അധികാരികളുടെ ചൂഷണത്തിനെതിരെയും പ്രവർത്തിച്ചു. പാവങ്ങളായ ആളുകളെ കബളിപ്പിച്ചും ചൂഷണം ചെയ്തും പണം കൈക്കലാക്കുന്ന അധികാരികളും പിന്നെ എൻഡോസൾഫാൻ എന്ന മാരകകീടനാശിനിയുമാണ് ഈ നോവലിലെ ഇതിവൃത്തം. പഞ്ചി എന്ന വൈദ്യൻ,ജയരാജൻ എന്ന മനുഷ്യ സ്നേഹി,നേതാവ്,എം.എൽ.എ,നീലകണ്ഠൻ,ദേവയാനി തുടങ്ങിയവരാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ

നീണ്ട സമരങ്ങളിലൂടെയും പരിസ്ഥിതി പ്രവർത്തകരുടെയും രാഷ്ട്രീയ പ്രസ്ഥാനക്കാരുടെയും ഇടപെടലുകളിലൂടെയും ഈ വിഷംനിർത്തിയെങ്കിലും ഇനിയുമുണ്ടാകാത്ത പാരിസ്ഥിക ജാഗ്രതക്ക് വേണ്ടിയുള്ള നിലവിളികൂടിയാണ് ഈ നോവൽ.

# സംസ്ഥാനത്ത് വിജയക്കൊടി നാട്ടിയവർ

# സംസ്ഥാനത്ത് വിജയകൊടി നാട്ടിയവർ



< വട്ടപ്പാട്ട്






<ഷംന മജീദ്,
പ്രവർത്തിപരിചയമേള





ഷബിൻഷാദ്

<മർവാൻ, സ്പോർട്ട്സ്



ഫാത്തിമ.എൻ
തമിഴ് കവിതാരചന



ദിമാനം

മുഹമ്മദ് ഷാദിൽ
പ്രവർത്തിപരിചയം





അദിനാ ജാഫർ

തൈക്കാണ്ടോ

നിബ്രാസ്
തൈക്കാണ്ടോ



## NAM സ്കൗട്ടിന്റെ സഹപാഠിക്കൊരു കൈത്താങ്ങ്



ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് ഹെഡ്മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു




















# NAM SPORTS DAY





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഐ.ടി.ക്ലബ്ബ്

നമ്പർ: LK/2018/14031

---

## എൻ.എ.എം. ഹയർ സെക്കന്ററി സ്കൂൾ

**പെരിങ്ങത്തൂർ**

Ph :04902395777






NAM HSS PERINGATHUR